# ഡിജിറ്റൽ മാഗസിൻ

# മിഴി

## ജി എച്ച് എസ്സ് എസ്സ് തട്ടത്തുമല



## ലിറ്റിൽ കൈറ്റ്സ്

2021-2024 BATCH

# സന്ദേശം



പ്രിയമുള്ള വിദ്യാർത്ഥികളെ,

പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കുട്ടികളെ വിവരസാങ്കേതിക വിദ്യയിൽ കൂടുതൽ കഴിവുള്ളവരാക്കാനും സ്കൂളിലെ ഡിജിറ്റൽ ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കാനും വേണ്ടി ആരംഭിച്ചിട്ടുള്ള Little KITEs യൂണിറ്റ് നമ്മുടെ സ്കൂളിൽ ഏറ്റവും മികച്ചരീതിയിൽ പ്രവർത്തിക്കുന്നതിലുള്ള സന്തോഷം രേഖപെടുത്തുന്നു.നമ്മുടെ കൈറ്റ് അംഗങ്ങൾ  കൈറ്റ് മിസ്ട്രെസ്സുമാരുടെ മേൽനോട്ടത്തിൽ മാതൃകപരമായ മുന്നേറ്റമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന് ഉത്തമ ഉദാഹരണമാണ് 'മിഴി' എന്ന ഈ ഡിജിറ്റൽ മാഗസിൻ. കുട്ടികളുടെയും അധ്യാപകരുടെയും സർഗ്ഗസൃഷ്ടികൾ ഉൾപ്പെടുത്തിക്കൊണ്ട് വർത്തെടുത്ത ഈ മാഗസിൻ നൂതന സാങ്കേതിക ലോകത്തേക്ക് കുട്ടികളെ കൈപിടിച്ചുയർത്തുമെന്ന് നമുക്ക് പ്രത്യാശിക്കാം.കൈറ്റ് പ്രവർത്തനങ്ങളിലൂടെ നേടിയെടുത്ത അറിവുകൾ പ്രയോജനപ്പെടുത്തിമെനഞ്ഞെടുത്ത ഈ സൃഷ്ടിയ്ക്ക് എല്ലാഭാവുകങ്ങളും നേരുന്നതിനോടൊപ്പം ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ അറിയിച്ചുകൊള്ളുന്നു.

ഹെഡ്മിസ്ട്രെസ്

ലക്ഷ്മി നായർ കെ എൽ

# ആശംസകൾ



പഠനപ്രവർത്തനങ്ങൾ ചിട്ടയായി നടക്കുന്നതോടൊപ്പം പഠനാനുബന്ധ പ്രവർത്തനങ്ങളും പാഠ്യേതര പ്രവർത്തനങ്ങളും നല്ല നിലവാരത്തിൽ നടക്കുന്ന സ്കൂളാണ് മികച്ച സ്കൂൾ. കുട്ടികളുടെ പഠനപുരോഗതി ഉറപ്പാക്കുന്നതോടൊപ്പം അവരിലെ എല്ലാ സർഗവാസനകളുടെയും വളർച്ചയ്ക്കുള്ള അന്തരീക്ഷം സ്കൂളിൽ ഒരുക്കേണ്ടതുണ്ട് . അത്തരത്തിലൊരു മാതൃകാവിദ്യാലയമാകുക എന്നതാവണം നമ്മുടെ ലക്ഷ്യം. ലിറ്റിൽ കൈറ്റ്സിലെ കൂട്ടുകാർ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ ഈ ലക്ഷ്യം നേടാനുള്ള പ്രവർത്തനങ്ങൾക്ക് പ്രചോദനമാകുമെന്ന് പ്രത്യാശിക്കുന്നു.

മിഴി യുടെ അരങ്ങിലും അണിയറയിലും പ്രവർത്തിക്കുന്ന അധ്യാപകർക്കും കുട്ടികൾക്കും എല്ലാ ആശംസകളും നേരുന്നു.

K G BIJU
P T A President

# ജി എച്ച് എസ്സ് എസ്സ് തട്ടത്തുമല

## റവന്യു ജില്ല

## തിരുവനന്തപുരം

## വിദ്യാഭ്യാസ ജില്ല

## ആറ്റിങ്ങൽ

## ഉപജില്ല

## കിളിമാന്നൂർ

പ്രധാന അദ്ധ്യാപിക

**ലക്ഷ്മി നായർ കെ എൽ**

# ഉള്ളടക്കം


| | | |
|---|---|---|
| 1 | ചരിത്രം | 5 |
| 2 | ലിറ്റിൽ കൈറ്റ്സ് | 6 |
| 3 | ദിനാചരണം | 7 |
| 4 | പ്രവർത്തനം | 8 |
| 5 | തേന്മാവുംകൂട്ടുകാരും | 9 |
| 6 | ബാല്യം | 11 |
| 7 | മുത്ത് | 11 |
| 8 | കുളിർമഴ | 12 |
| 9 | അറിവിൻ ജാലകം | 14 |
| 10 | ഒരു കൊറോണക്കാലം | 15 |
| 11 | റോഡരികിലെ തേന്മാവ് | 16 |
| 12 | ഓർമ്മ | 17 |
| 13 | ചിത്രം | 18 |
| 14 | കാട്ടുപൂവ് | 19 |
| 15 | എന്റെ ബാല്യം | 22 |
| 16 | കാതോർക്കൂ ഒരു നിമിഷം | 23 |
| | | |

# ഗവൺമെന്റ്.എച്ച്.എസ്.എസ്.തട്ടത്തുമല

'

""'തട്ടത്തുമല ഗ്രാമത്തിന്റെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു സർക്കാർവിദ്യാലയമാണ്"തട്ടത്തുമല ഹയർ സെക്കണ്ടറി സ്കൂൾ'.'പാവങ്ങളുടെ വിദ്യാലയം' എന്ന പേരിലാണ് പൊതുവെ അറിയപ്പെടുന്നത്.പ്രീ പ്രൈമറി, ലോവർ പ്രൈമറി , അപ്പർ പ്രൈമറി , ഹൈസ്കൂൾ , ഹയർ സെക്കന്ററി എന്നീ അഞ്ചു വിഭാഗങ്ങളും ഇവിടെ ഉണ്ട്. തിരുവനന്തപുരം റവന്യൂ ജില്ലയിൽ, ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലയിൽ, കിളിമാനൂർ സബ് ജില്ലയിൽ ഉൾപ്പെട്ട ഈ വിദ്യാലയം 2018-19 മുതൽ കേരളത്തിലെ ആദ്യത്തെ സമ്പൂർണ്ണ ഹൈടെക് വിദ്യാലയം എന്ന പദവി നിലനിർത്തുന്നു.'



## ചരിത്രം .ഭൗതികസൗകര്യങ്ങൾ

""'മൂന്ന് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന് 5 കെട്ടിടങ്ങളിലായി 41 ക്ലാസ് മുറികളും ഹയർ സെക്കണ്ടറിക്ക് ഒരു കെട്ടിടത്തിലായി 6 ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്. ഹയർ സെക്കൻഡറിക്കായി എല്ലാ ഹൈടെക് സൗകര്യങ്ങളും ഉള്ള പുതിയ കെട്ടിടത്തിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ഹൈസ്കൂളിനും ഹയർസെക്കൻഡറിക്കും യു പി ക്കും, എൽ പി ക്കും വെവ്വേറെ എ സി കമ്പ്യൂട്ടർ ലാബുകളുണ്ട്. എല്ലാ ലാബുകളിലും , ക്ലാസ് റൂമുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്'."""

സമ്പൂർണ്ണ ഹൈടെക് വിദ്യാലയം ""ഗവൺമെൻറ്, എച്ച്.എസ്.എസ്. തട്ടത്തുമല"" കേരളത്തിലെ ആദ്യത്തെ സമ്പൂർണ്ണ ഹൈടെക് വിദ്യാലയം എന്ന പേരിൽ അറിയപ്പെടുന്നു. 2018 ഫെബ്രുവരി 09 ന് സമ്പൂർണ്ണ ഡിജിറ്റൽ സ്കൂൾ ആയി മാറി. ""മിഴി"" എന്ന ഇന്ററാക്ടീവ് ചാനലും സ്മാർട്ട് റൂമിനോട് അനുബന്ധമായി പ്രവർത്തനം തുടങ്ങി.ബഹു.ധനകാര്യവകുപ്പുമന്ത്രി ശ്രീ. തോമസ് ഐസക്, ഇതിന്റെ ഉദ്ഘാടനം നിർവഹിച്ചു. പ്രീ പ്രൈമറി മുതൽ LP, UP, ഹൈസ്കൂൾ, ഹയർസെക്കന്ററി തലം വരെ എല്ലാ ക്ലാസ് റൂമുകളിലും പ്രോജക്റ്റർ, ലാപ്ടോപ്, സൗണ്ട് സിസ്റ്റം , ഐ സി റ്റി വൈറ്റ് ബോർഡ്, സാമഗ്രികൾ സൂക്ഷിക്കാനും ലാപ് ടോപ് പ്രവർത്തിപ്പിക്കാൻ കഴിവുള്ളതുമായ ഷെൽഫ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ എൽ പി, യു പി, ഹൈസ്കൂൾ, ഹയർസെക്കൻഡറി എന്നിവയ്ക്കായി പ്രത്യേകം എ സി സ്മാർട്ട് റൂമു കളും ഉണ്ട്. എല്ലാ തലങ്ങളിലും ഐ സി ടി പരിശീലനം ലഭിച്ച അധ്യാപകർ മൾട്ടിമീഡിയാ ക്ലാസ് റൂമുകളിലും, സ്മാർട്ട് ക്ലാസ് റൂമുകളിലും, സമഗ്രയിൽ തയ്യാറാക്കിയ ടീച്ചിംഗ് മാനുവൽപ്രകാരം, എച്ച് എം / പ്രിൻസിപ്പാൾ അപ്രൂവൽ വാങ്ങി ഐ സി റ്റി അധിഷ്ഠിതമായി ക്ലാസ്സുകൾ കൈകാര്യം ചെയ്തുവരുന്നു. മൊബൈലിൽ മിഴി എന്ന ആപ്പ് ഡൗൺലോഡ് ചെയ്താൽ സ്കൂളിലെ സ്മാർട്ട്റൂമിൽ സജ്ജീകരിച്ചിരിക്കുന്ന ""മിഴി"" എന്ന ഇന്ററാക്ടീവ് ചാനലിലൂടെ നടത്തുന്ന എല്ലാ പ്രോഗ്രാമുകളും ഓരോ ക്ലാസ് റൂമിലിരുന്നും, വീടുകളിലിരുന്നും കാണാൻ കഴിയും. 2019 ജൂൺ ആദ്യ വാരം മുതൽ തന്നെ തിങ്കൾ മുതൽ വ്യാഴം വരെ ഒന്നാം ക്ലാസ്സുമുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള അസംബ്ലി ഓരോ ഡിവിഷനും മിഴി ചാനലിലൂടെ അവതരിപ്പിക്കുകയും കുട്ടികൾ അവരവരുടെ ക്ലാസ്സുകളിലിരുന്ന് കാണുകയും ചെയ്യുന്നു. സ്കൂളിൽ നടക്കുന്ന

എല്ലാ സാംസ്കാരിക പ്രവർത്തനങ്ങളും (നാടകം, ഡാൻസ്, സംഗീതം, നാടൻപാട്ട്, സ്കിറ്റുകൾ തുടങ്ങിയവ) മലയാളം, ഇംഗ്ലീഷ്,ഹിന്ദി, അറബിക് ഭാഷകളിൽ "മിഴി" യിലൂടെ കുട്ടികൾ അവതരിപ്പിക്കുന്നു. കൂടാതെ, എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്ക് ഒരു മണി മുതൽ രണ്ടു മണിവരെ "റേഡിയോ ക്ലബ്ബിലൂടെ" കുട്ടികൾ വിവിധതരം പരിപാടികൾ അവതരിപ്പിക്കുന്നു.

## 'ലിറ്റിൽ കൈറ്റ്സ്'

" 2017-18 ലെ എട്ടാം ക്ലാസ്സിലെ കുട്ടികൾക്ക് ഐ ടി അറ്റ് സ്കൂളിന്റെ ചോദ്യശേഖരം ഉപയോഗിച്ച് ക്വിസ് മത്സരം നടത്തി ഐ ടി നിപുണരായ 40 കുട്ടികളെ തെരെഞ്ഞെടുത്ത് "" ലിറ്റിൽ കൈറ്റ്സ് "" എന്ന ഐ ടി കൂട്ടായ്മയിലേക്ക് ചേർത്തു. ഇപ്പോൾ 9-ാം ക്ലാസ്സിൽ പഠിക്കുന്ന ലിറ്റിൽ കൈറ്റ്സ് ആഴ്ച്ചയിൽ എല്ലാ ബുധനാഴ്ചതോറും ആനിമേഷൻ, ഫിലിം എഡിറ്റിംഗ് ( ജിമ്പ്, ഇങ്ക് സ്കേപ്പ്, റ്റു പി ട്യൂബ് ഡെസ്ക്, ഒഡാസിറ്റി. ഓപ്പൺഷോട്ട് വീഡിയോ എഡിറ്റർ എന്നിവ വഴി) പരിശീലിക്കുന്നു. ഇതിനായി വിദഗ്ധ പരിശീലനം ലഭിച്ച കൈറ്റ് മാസ്റ്റർ (വിഷ്ണുനമ്പൂതിരി-മലയാളം അധ്യാപകൻ), കൈറ്റ് മിസ്ട്രസ് (മിനി-ബയോളജി അധ്യാപിക) എന്നിവർ സദാസമയവും കുട്ടികളോടൊപ്പമുണ്ട്. കൂടാതെ സ്കൂൾ എസ് ഐ റ്റി സി ഷീന ടീച്ചർ , എച്ച് എം ലക്കി ടീച്ചർ(മുൻ എസ് ഐ റ്റി സി ), മുൻ എസ് ഐ റ്റി സി യും ഇപ്പോഴത്തെ സീനിയർ അസിസ്റ്റന്റുമായ രാജു സാർ,എന്നിവർ സംശയനിവാരണത്തിനായി ഉണ്ട്.

ലിറ്റിൽകൈറ്റ്സിന്റെ ഫണ്ട് ഉപയോഗിച്ച് സ്കൂൾ കവാടത്തിനടുത്ത് ഇരുമ്പ് തകിടിൽ ലിറ്റിൽ കൈറ്റ്സ് ബാനർ സ്ഥാപിച്ചിട്ടുണ്ട്. ഐഡന്റിറ്റി കാർഡും കുട്ടികൾക്ക് ഉണ്ട്. ഐ ടി എക്സ്പർട്ടിന്റെ ക്ലാസ് 2018 ആഗസ്റ്റ് 13 ശനിയാഴ്ച രാജുസാർ (മുൻ എസ് ഐ റ്റി സി , ഐ സി റ്റി മാസ്റ്റർ ട്രെയിനർ 2018 ഏപ്രിൽ/മെയ്) കുട്ടികൾക്ക് കൊടുത്തു. സബ്ജില്ലാതലം ആനിമേഷൻ, പ്രോഗ്രാമിംഗ് എന്നിവയിലേക്ക് കുട്ടികളെ തെരെഞ്ഞെടുത്തു.

2019 അധ്യയനവർഷം മുതൽ കുട്ടികളെ നയിക്കുന്നതിനായി ഗണിത അധ്യാപികയായ സിനി ടീച്ചറും(കൈറ്റ് മിസ്ട്രസ് ), ബയോളജി അധ്യാപികയായ രഞ്ജിനികുമാരിടീച്ചറും(കൈറ്റ് മിസ്ട്രസ് ) ഉണ്ട്. 2017-18, 2018-19, 2019-20 (ഇപ്പോൾ 10, 9,8) ക്ലാസ്സുകളിൽ പഠിക്കുന്ന ലിറ്റിൽ കൈറ്റ്സുകൾക്ക് എല്ലാ ആഴ്ചയിലും പ്രത്യേകം പ്രത്യേകം ക്ലാസ്സുകൾ നല്കി വരുന്നുണ്ട്.

2021 ൽ ഷീന ആർ എസ് ,സിബി എസ് എന്നീ ഗണിതാധ്യാപകർക്കാണ് ലിറ്റിൽ കൈറ്റ്സു ചുമതല.

സ്കൂളിലെ ഐ സി ടി പ്രവർത്തനങ്ങളുടെയെല്ലാം ചുമതലകൾ ലിറ്റിൽ കൈറ്റ്സുകൾക്ക് വീതിച്ചു നല്കിയിട്ടുണ്ട്.

വിവിധങ്ങളായ ദിനാചരണങ്ങൾ സ്കൂളിൽ നടത്തി വരുന്നു

റിപ്പബ്ളിക് ദിനം



ബഷീർ ചരമ ദിനം



കർഷക ദിനം



cyber safety class


















# തേന്മാവും കൂട്ടുകാരും

ഒരിക്കൽ ഒരിടത്ത് ഒരു കുഞ്ഞ് തേന്മാവ് ഉണ്ടായിരുന്നു. ആ തേൻമാവിൻ അടുത്ത് മറ്റൊരുപാട് കുഞ്ഞു മരങ്ങളും ഉണ്ടായിരുന്നു. എന്നാൽ ഈ കുഞ്ഞു തേൻമാവിൽ ആയിരുന്നു ഒരുപാട് ശിഖരങ്ങൾ ഉണ്ടായിരുന്നത് . അതുകൊണ്ടുതന്നെ കുട്ടികളെല്ലാം തേൻമാവിന്റെ തണലിലായിരുന്നു സമയം ചെലവഴിച്ചിരുന്നത്. അത് ആ തേന്മാവിന് വളരെ സന്തോഷം നൽകുന്ന കാര്യമായിരുന്നു.കൂടാതെ കുഞ്ഞ് തേൻകുരുവികളും അണ്ണാറക്കണ്ണന്മാരും തത്തയുമൊക്കെ ഈ തേന്മാവിൽ വരുമായിരുന്നു. എന്നാൽ മറ്റു മരങ്ങളെക്കാൾ ഏറ്റവും കൂടുതൽ കുരുവികളൊക്കെ വരുന്നതും കൂടുകൂട്ടിയിരുന്നതും ഈ തേൻമാവിൽ ആയിരുന്നു. അങ്ങനെ ഒരിക്കൽ ഒരു കൊടിയ വേനൽ വന്നു.കൊടുംചൂടത്ത് ഈ തേന്മാവും മറ്റു മരങ്ങളും ഒക്കെ ഉണങ്ങാൻ തുടങ്ങി. തേന്മാവിൽ കൂടുകൂട്ടിയിരുന്ന കുഞ്ഞികുരുവികളും മറ്റു കളികളും ഒക്കെ കൂട് മാറി വേറെ എങ്ങോട്ടൊപോയി അത് തേന്മാവിന് വളരെവിഷമമായി തേന്മാവ് ആകെ തളർന്നുപോയി. അണ്ണാറക്കണ്ണൻ മാരും ഒക്കെ അവിടെ നിന്നും പോയി.പിന്നെ വേനൽകാലം പതുക്കെ




പതുക്കെ അവസാനിച്ചു. നല്ല കുളിർമയേകുന്ന മഴപെയ്തു, ഓരോ മഴത്തുള്ളികളും തേന്മാവിന്റെ ഓരോ ഇലകളിൽ തട്ടി ഭൂമിയിൽ പതിച്ചു. അങ്ങനെ തേന്മാവിന് ആ മഴ ഒരു പുത്തനുണർവേകി.തേന്മാവ് പണ്ടത്തെക്കാൾ നന്നായി പൂക്കുകയും കായ്ക്കുകയും ചെയ്തു. ഇത് കണ്ട് ഒരുപാട്കുരുവികളും അണ്ണാറക്കണ്ണൻമാരും ഒക്കെ എത്തി. തേന്മാവിന് പറഞ്ഞറിയിക്കാൻ പറ്റാത്ത സന്തോഷംതോന്നി. അങ്ങനെ തേൻ കുരുവികളും കുഞ്ഞിക്കിളികളും ഒക്കെ തേന്മാവിൽ കൂടുകൂട്ടി. കുട്ടികളൊക്കെ കളിക്കാനും തേൻ മാവിൻ തണലിൽ ഇരുന്ന് മാമ്പഴം കഴിക്കാനും ആയി ഓടിയെത്തി. അപ്പോഴാണ് ആനാട്ടിൽ ഒരു പുതിയ കെട്ടിടം പണി ആരംഭിച്ചത്. കെട്ടിടം പണിക്കായി മരംവെട്ടുകാരും കെട്ടിട പണിക്കാരും ഒക്കെ മരം തേടിയിറങ്ങി.അങ്ങനെ ഒരു ദിവസം കുറെ കുട്ടികൾ തേൻ മാവിൻ തണലിൽ ഇരുന്ന് കളിച്ചു കൊണ്ടിരുന്നപ്പോൾ എവിടെയോ മരം വെട്ടുന്ന ശബ്ദം കേട്ടു. ഇത് കേട്ട തേന്മാവ് പേടിച്ചു. കുട്ടികൾ ഈശബ്ദം കേട്ട് പോയി നോക്കിയപ്പോൾ തേന്മാവിന് അടുത്തുനിന്ന് കുറച്ചകലെയായി നിൽക്കുന്ന കുറച്ചു മരങ്ങൾ വെട്ടുകയായിരുന്നു. ഇത് കണ്ട് കുട്ടികൾ തേന്മാവിനോട് ഇക്കാര്യം പറഞ്ഞു. തേന്മാവിന് പേടിയും വിഷമവുംതോന്നി

അങ്ങനെ ആ മരം വെട്ടുകാർ തേൻമാവിൻ അടുത്തെത്തി. തേന്മാവിനെ വെട്ടാനായി അവർ ഉപകരണങ്ങൾ എടുത്തു. ഇത് കണ്ട കുട്ടികൾ അത് തടഞ്ഞു, തേന്മാവും കുട്ടികളും തമ്മിലുള്ള ദൃഢമായ സൗഹൃദത്തെ കുറിച്ചും ഒരുപാട് ജീവികളുടെ ആവാസ വ്യവസ്ഥ ഈ തേൻമാവിൽ ആണെന്നും തേന്മാവിനഗുണങ്ങളെ കുറിച്ചും ഒക്കെ ആ മരംവെട്ടുകാരോട് പറഞ്ഞു. ഇതുകേട്ട് മരം വെട്ടുകാർ അത് മനസ്സിലാക്കി അവരും ഇതിനെ ക്കുറിച്ചൊക്കെ ആലോചിച്ചപ്പോൾ വലിയ സങ്കടമായി. അങ്ങനെ ആ മരം വെട്ടുകാർ അവിടെ നിന്നുംപോയി.തേന്മാവ് കുട്ടികളോട് ഒരുപാട് നന്ദി പറഞ്ഞു. കുഞ്ഞി കിളികൾക്കും തേൻകുരുവികൾക്കും കുട്ടികൾക്കും ഒക്കെ ഒരുപാട് സന്തോഷമായി. അങ്ങനെ അവർ എല്ലാവരും ഒത്തൊരുമയോ ടെ കളിച്ചും ചിരിച്ചും കൂട്ടുകൂടിയും ഒരുപാട് നാൾ സന്തോഷത്തോടെ ജീവിച്ചു.

-




ഏറെ നാളായെൻ മന്ദാര ചില്ലയിൽ
പൂത്തൊരാ കുസുമത്തെ നോക്കിനിൽക്കേ,
കാതുകൾക്കിമ്പമായ് കുയിലൊന്നു പാടവേ
പിറകോട്ടു പോയി ഞാൻ ബാലികയായ് '
കൂട്ടരോടൊപ്പം കളിച്ചു നടന്നതും
തൊടിയിലെ മാവിൽക്കയറി മറിഞ്ഞതും
കുളത്തിലെ വെള്ളത്തിൽ നീന്തിത്തുടിച്ചതും
ഓർത്തു ഞാൻ ഒട്ടൊന്നു വേദനിച്ചു.
ഇനിയും മടങ്ങുവാനാവില്ലെന്നോർത്തു
നോവിൻ തരികളെൻ നെഞ്ചിൽ വീണു




മഴവിൽ വർണ്ണമായ് പെയ്യുമീ മഴ
വെയിൽ മാറി തൂവെൺമയോടെ പെയ്യുമീ
മഴയത്ത്  ഞാൻ പുളകമണിയുന്നു
പുഞ്ചിരിയാൽ നിറഞ്ഞ നിൻെറ ഈ മഴത്തുള്ളികൾ
ഏതോ ഒരു കഥ പറയും പോലെ
നിൻെറ തണുപ്പാർന്ന ഈ മഴത്തുള്ളികൾ എൻ-
ശിരസിൽ പതിക്കുമീ ഓർമ്മകൾ തൻ നിർവൃതി-

യണയുന്നു ഞാൻ
നീ ഭൂമിയിൽ പതിക്കുമ്പോൾതൂവെൺമാർന്ന
മുത്തുകൾ വാരി വിതറും പോലെ
നീ പെയ്ത്ത് കഴിയുമ്പോൾ ഒരു താളമേളാഘോഷം...
കഴിഞ്ഞതു പോലെ...
നീ നേർത്ത തലോടലാൽ തഴുകി പോയിടുമ്പോൾ
നിൻെറ അടുത്ത വരവിനായി ഞാൻ ഏകയായി നിൽക്കും




കത്തുമീ സൂര്യനിൽ നിന്നൊരാശ്വാസമായ്
വന്നൊരാ മൺസൂൺ മഴ പൂക്കൾചിരിക്കുന്നിതാ.....
മഴപെയ്ത്ത് നേരത്ത
ഒട്ടുമേ മടിയാതെ

അരുവികൾ മന്ദം മന്ദം ഒഴുകീടുന്നു
കോരി തണുക്കുമീ മഴയത്ത്
കുഞ്ഞികിളി ചിലക്കുന്നിതാ...
പേക്രോം പേക്രോം എന്നു
കരഞ്ഞ് തവളകൾ ചാടുന്നിതാ....

മഴയോടൊപ്പം എത്തുമീ കാറ്റിൽ
മുറ്റത്തെ മാമ്പഴ ചോട്ടിലൊന്നിതാ
മാമ്പഴ ക്രൂട്ടങ്ങൾ വീണിടവെ
......
കാണുന്നു ഞാനിന്ന് പ്രകൃതി തൻ ചാരുത
മനസ്സിനു നൽകുമൊരാശ്വാസ നാളം .
മഴയത്തു ചാടി കളിക്കുവാൻ തോന്നുന്നു .
അമ്മയാം ഭ്രമിയെ, നിൻ സ്നേഹ വാത്സല്യത്തിൽ
എന്നും മുഴുകി നിന്നീടുവാൻ

മഴയോടൊപ്പംകൊതിക്കുന്നു ഞാനും .
പെട്ടെന്നൊരാ ശബ്ദം കേട്ടുയെൻ കാതിൽ
ഇടിയും മിന്നലും വന്നുവല്ലോ.......
പെട്ടെന്ന് ഞാനങ്ങ് ഞെട്ടിയുണർന്നു
അമ്മയ്ക്ക് അരികിലേക്ക് ഓടിയെത്തി...........

അമ്മതൻ കരങ്ങൾ എന്നെ പുണർന്നു
പേടിതെൽ ഒന്നുമാറി നിന്നു .
വീണ്ടും ജനൽ അരികിലേക്ക് ഓടിയെത്തി
മഴയെ ഞാൻ വീണ്ടും ഒന്നു നോക്കി .........

പച്ചില തളിരിലും പൂക്കൾ തൻ ഇതളിലും വീഴുന്ന മഴയെ
കണ്ടെൻ മനം വീണ്ടും ആനന്ദിച്ചു ......
വരാനിരിക്കുന്ന വിത്തിൻ മുകുളങ്ങളെ
ഇവരെല്ലാം ഒന്നിച്ച് ക്ഷണിക്കുന്നു

എന്ന് തോന്നിപോകുന്നിതാ.
അമ്മതൻ സ്നേഹം പോൽ എന്നുമെൻ മനതാരിൽ
നേർത്ത മഴതൻ ആരവം നിറഞ്ഞു നിന്നീടും.


-




വായിച്ചു നമ്മൾ വളർന്നിടേണം...
അറിവ് ആർജ്ജിച്ചു നമ്മൾ വളർന്നിടേണം...
അറിവിന്റെ പൂങ്കാവനത്തിലേക്കായ്
ഒരു കുഞ്ഞ് ശലഭമായി പാറിടേണം...
വായിച്ചു നമ്മൾ വളർന്നിടേണം...
അറിവ് ആർജ്ജിച്ചു നമ്മൾ വളർന്നിടേണം...
വായിച്ചു നമ്മൾ വളർന്നിടേണം...
അറിവിന്റെ നിറകോടി മധുരം നുകർന്നിടേണം...
വായിച്ചു നമ്മൾ വളർന്നിടേണം...
അറിവ് ആർജ്ജിച്ചു നമ്മൾ വളർന്നിടേണം...
ചങ്ങാതിയാകുന്ന പുസ്തകങ്ങൾ നമ്മെ നേർവഴി കാട്ടിടും നന്മയോടെ...
വായിച്ചു നമ്മൾ വളർന്നിടേണം...
അറിവ് ആർജ്ജിച്ചു നമ്മൾ വളർന്നിടേണം...
അറിവിന്റെ ജ്ജാലക വാതിൽ തുറന്നു നാം മുന്നേറിടേണം നന്മയോടെ...
വായിച്ചു നമ്മൾ വളർന്നിടേണം...അറിവ് ആർജ്ജിച്ചു നമ്മൾ വളർന്നിടേണം...
അറിവിന്റെ പൂങ്കാവനത്തിലേക്കായ്
ഒരു കുഞ്ഞ് ശലഭമായി പാറിടേണം...

# ഒരു കൊറോണ കാലം

**കേ**വലം എത്ര നാൾ നമ്മൾ വീടിനുള്ളിൽ
അടച്ചു പൂട്ടി ഇരുന്നു ഒരു ചെറു കീടത്തെ
ഭയന്ന് .അതിജീവിക്കും എന്ന
ശുഭാപ്തിവിശ്വാസത്തോടെ മുന്നോട്ട് നീങ്ങി നമ്മൾ
ലോകം ഒറ്റകെട്ടായി പ്രവർത്തിച്ചു
സ്ക്രൂളുകൾ അടച്ചു, അമ്പലങ്ങൾ അടച്ചു
ആഘോഷങ്ങളില്ല ചുറ്റും സങ്കട തീ കടൽ
എത്ര എത്ര ജീവനുകൾ കവർന്നെടുത്തു
ഈ കൊച്ചുകീടാണു
ഭ്രാന്തനെ പോലെ അലയുകയാണ്
ഈ ചെറു കീടം ലോകമെമ്പാടും
ഇനി ഒരു കൊറോണ കാലം നമുക്ക് വേണ്ട
നമുക്ക് വേണ്ട.....







## റോഡരികിലെ തേന്മാവ്

വഴിയരികിൽ ഒരു വൃദ്ധൻ മരത്തെ നോക്കി എന്തൊക്കെയോ പറയുന്നു.അമ്മു അത് ശ്രദ്ധിച്ചു . അവൾ സ്വയം പറഞ്ഞു "ഈ അപ്പൂപ്പൻ എന്താ പറയുന്നത് . അടുത്ത് പോയിനോക്കാം .എന്നും ഈ നേരത്ത് ഇവിടെ ഇതുപോലെ കാണാറുണ്ടല്ലോ.അടുത്ത് പോകാനൊരുങ്ങി- യപ്പോഴാണ് ഓർത്തത് പുറത്തിറങ്ങിയാൽ മാസ്ക് വേണം,ഓടിച്ചെന്ന് അത് എടുത്തുവച്ചു.അദ്ദേഹത്തിന്റെഅടുത്തേക്ക് അവൾ ചെന്നു എന്നിട്ട് ചോദിച്ചു."എന്നും ഇതിന്റെ ചുവട്ടിൽ വന്ന് എന്താ പറയുന്നേ , ഞാൻ കാണാറുണ്ട് "അപ്പൂപ്പൻ അമ്മുവിനെ ഒന്നു നോക്കി എന്നിട്ട് പറഞ്ഞു."മുഖം കാണാൻ പറ്റാത്ത വിധം വായും മുഖവും മൂടി ഒരു മാസ്ക് , മനുഷ്യന്റെ ക്രൂരതയുടെ ഫലംഅല്ലാതെന്തു പറയാൻ ."മോൾ എവിടത്തെയാ ? അപ്പൂപ്പൻ ചോദിച്ചു."ദേ ആ കാണുന്നതാ എൻ്റെ വീട് , കൊറോണ കാരണം വീട്ടിൽ അല്ലെമുറ്റമടിക്കാൻ പുറത്തിറങ്ങുമ്പോൾ എന്നും ഞാൻ കാണും ഇതുപോലെ മരത്തെ നോക്കി സംസാരിക്കുന്നത് ."അവൾ പറഞ്ഞു."അതേ മോളേ ഞാൻ എന്നും ഇവിടെ വരാറുണ്ട് ഈ തേന്മാവ് ഞാൻനട്ടതാ , തൈ ആയിരുന്ന കാലം മുതലേ ഇവിടെ വന്ന് വെള്ളമൊഴിച്ചു വളമിട്ടുകൊടുക്കാറുണ്ടായിരുന്നു.ഇപ്പോൾ ഒരു നാലു വർഷമായി നന്നായി കായ്ക്കാൻ തുടങ്ങി കിളികൾ വന്നു , മനുഷ്യർക്ക് തണലേകി അങ്ങനെയവൻ നിൽക്കുന്നു.ഞാൻ ഈ തൈ നടുമ്പോൾ ഇത്രവലിയ റോഡില്ല, വാഹനങ്ങൾ കുറവായിരുന്നു.പിന്നെ വാഹനങ്ങൾ പെരുകി വന്നപ്പോൾ ഇവന്റെ ചില ചില്ലകൾ അന്തരീക്ഷമലിനീകരണം കാരണം ഉണങ്ങാൻ തുടങ്ങി ആ ചില്ലകൾ വെട്ടി മാറ്റി.അപ്പോഴാ ,അതാ കൊറോണ എന്ന നീരാളിയുടെ ഇരപിടുത്തം വന്നത് .അതോടെ ഒരു പരിധിവരെഅന്തരീക്ഷ മലിനീകരണം കുറഞ്ഞു അപ്പോൾ കണ്ടില്ലേ അവൻ വീണ്ടും നന്നായി പച്ചപൊടെകിളിർത്ത് പൂത്തു കായ്ച്ചു നിൽക്കുന്നത് . വീണ്ടും എൻ്റെ തേന്മാവ് പച്ചപ്പിലേക്ക് വന്നു.കൊറോണഎന്നത് വലിയ വിപത്താണെങ്കിലും അതു നൽകിയ പാഠം നമുക്ക് വളരെവലുതാണ് . ഇനിയെങ്കിലും മനുഷ്യൻ അറിഞ്ഞു പെരുമാറിയാൽ ലോകം നന്നാകും ."അപ്പൂപ്പൻ ഒരു മാമ്പഴം എടുത്ത് അമ്മുവിന് നീട്ടിയിട്ട് പറഞ്ഞു. "നീ ഇത് കഴിച്ചിട്ട് അതിന്റെ വിത്തമണ്ണിൽ കുഴിച്ചിട്ട് വെള്ളമൊഴിച് വളർത്തി നോക്കു . അതിന്റെ സന്തോഷം നിനക്ക് മനസ്സിലാകും ."" തീർച്ചയായും ചെയ്യാം അപ്പൂപ്പാ."അവൾ പറഞ്ഞുഅപ്പോൾ അതാഅമ്മുവിന്റെ അമ്മ വിളിക്കുന്നു."അമ്മു അമ്മു ...അവൾ അപ്പൂപ്പനോട് പറഞ്ഞു"അപ്പൂപ്പാ ഞാൻ പോകുന്നു. അമ്മ വിളിക്കുന്നു."ദാ വരുന്നു അമ്മെ ....അങ്ങനെ അപ്പൂപ്പൻ കൊടുത്ത മാമ്പഴവും കുറെയേറെ നല്ല പാഠങ്ങളും മനസ്സിലാക്കി അമ്മു വീട്ടിലേയ്ക്ക് മടങ്ങി.

# ഓർമ്മ

മഴചാറുന്നെ ....... മഴചാറുന്നെ .....
തൊടിയിലൊന്നാകെ മഴചാറുന്നെ.....
മഴയെ ഒന്നങ്ങനെ നോക്കി
നിൽക്കുന്ന നേരം ......
ഓർക്കുന്നു ഞാനെന്റെ കഴിഞ്ഞ കാലം ......
എൻ മനസ്സിൻ കോണിലെന്നും
തെളിഞ്ഞു നിൽക്കുന്നൊരാ നല്ല വസന്ത കാലം......
മഴയത്ത് ക്രൂട്ടുകാരൊത്ത് തൊടിയിൽ തുള്ളികളിച്ചൊരാ നല്ലകാലം -
തിരികെയെത്തീടുവാൻകൊതിച്ചിടുന്നു.......,
ഒരുമിച്ച് കൈകോർത്ത് സ്ക്രൂളിൻ വരാന്തയിൽ
അടിവച്ച് നടന്നൊരാ നല്ലദിനങ്ങൾ
തിരികെയെത്തീടുവാൻ കൊതിച്ചിടുന്നു.......
ഉച്ചയ്ക്ക് ഉണ്ണുവാൻ മണിയടിച്ചീടുമ്പോൾ ....
ഒരമ്മതൻ പൈതങ്ങളെന്ന പോൽ
ഒരുമയോടൊന്നിച്ചുകഴിച്ച ആ നല്ല നാളുകൾ
തിരികെയെത്തീടുവാൻ കൊതിച്ചിടുന്നു........
ഓടിയും ചാടിയും തിരികെ മടങ്ങുമ്പോൾ
പീഠിക തിന്നുതൻ മിഠായി മാധുര്യം
ഇന്നുമീ നാവിൽ തുളുമ്പിടുന്നു.......
മറക്കില്ലൊരിക്കലും ഞാനാദിനങ്ങൾ
സന്തോഷമെന്തെന്നറിഞ്ഞൊരാ നാളുകൾ
ഇന്നൊരാ ഓർമ്മയായ് മാറിടുമ്പോൾ ......
ഒരുവട്ടമെങ്കിലും എൻ സ്ക്രൂളിൻ പടിവരെ
എത്തുവാനിന്നും മോഹമുണ്ട് ......
ക്രൂട്ടില്ല , ക്രൂട്ടുകാരില്ല, യാത്രയില്ല , ക്രൂടെക്കളിക്കുവാനാരുമില്ല
ക്രൂട്ടിലകപ്പെട്ട കിളിയെ പോലെ
ഞാനിന്ന് വീട്ടിനകത്തടച്ചിരിപ്പൂ....
ഈ മഹാമാരിതൻ ക്രൂരകരങ്ങളിൽ നിന്നും വീണ്ടുമാ
നല്ലകാലത്തേയ്ക്കൊന്നുതിരികെ പോകുവാൻ
അറിയാതെ എൻമനം കൊതിച്ചിടുന്നു.........

# ചിത്രം

നാളുകളേറെ കഴിഞ്ഞു-
പോയെങ്കിലും മായില്ലൊരിക്കലും
മനസ്സിൽ നിന്നാചിത്രം.
അന്നു, ഞാനാദിനം
കൃത്യമായി ഓർക്കുന്നു.
മാഷന്നമുക്ക്, കണക്കാണെടുത്തത്.
ക്ലാസ്സിൽമാഷോരോ ചോദ്യങ്ങൾ ചോദിപ്പൂ.
ഞങ്ങളവക്കൊക്കെ ഉത്തരം ചൊല്ലുന്നു.
ഇന്നേരം, ക്ഷീണയാണെന്നു തോന്നിച്ചിട്ടും
ശലഭം, മുറിക്കുള്ളിൽ
പാറിനടക്കുന്നു.
ഒട്ടിരുന്നീട്ടും പിന്നേം പറന്നിട്ടും
ഒട്ടൊന്നു വിശ്രമം പിന്നേം പറക്കുന്നു.
ഞങ്ങളാദൃശ്യങ്ങൾ
കണ്ടിരിക്കേതന്നെ.
ചിറകു തളർന്നതുമണ്ണിൽ
പ്രതിക്കുന്നു. ചിറകിട്ടടിക്കുന്നു
മറിയുന്നു തിരിയുന്നു.
കഷ്ടം! അവയിക്കു പറക്കാൻ കഴിയില്ല.
തെല്ലൊന്നു ശാന്തമായി,
വീണ്ടും പിടയ്ക്കുന്നു.
ഹോ.... ഹോ.... സഹിക്കില്ല.. കാഴ്ചകണ്ടാ രുമേ..
തെല്ലൊന്നു ശാന്തമായി...
അനക്കമറ്റങ്ങനെ.
ഞങ്ങൾ നിനയ്ക്കുന്നു, അയ്യോ... മരിച്ചുപോയി.
ഇങ്ങനെ ചിന്തിക്കേ....
വീണ്ടും അനങ്ങുന്നു.
ചിറകൊന്നനക്കുന്നു, വീണ്ടും കിടക്കുന്നു.
എന്തു ചെയ്യേണ്ടൂ.... ഞാൻ തെല്ലൊന്നു ചിന്തിച്ചു.
ക്ലാസ്സിൽ പഠിപ്പിച്ചതൊന്നും ഞാൻ കേട്ടില്ല.
ചിറകനക്കുന്നൊരാ ജീവിയായി ചിന്തയിൽ.
കൈകൊണ്ടെടുക്കാം തഴുകാം പതുക്കെയായി.
വെള്ളം കൊടുക്കാം പുതുജീവനായിട്ടു....

ഇത്തരം ചിന്തയാൽ ഞാനുഴറീടവേ...
ഞങ്ങളിലൊരാൾ അ കുസൃതിയെറും കുട്ടി.
മിന്നിത്തിളങ്ങുന്ന കണ്ണുള്ള സുന്ദരൻ.
മെല്ലെ പതുങ്ങിയാ ജീവിക്കടുത്തെത്തി.
തെല്ലൊന്നു സംശയിച്ചെ നുതോന്നുന്നവൻ.
ഒട്ടും മടിയാതെ ബൂട്ടിട്ട പാദത്താൽ
ഒറ്റച്ചവിട്ടിന്നു മണ്ണോടുമണ്ണാക്കി.
ഇത്തരം ജീവികൾ ഏറെയുണ്ടാകിലും
ഇല്ലില്ല ജീവിതം. അവയെല്ലാക്കെയിമണ്ണിൽ.
അറിയാതെയാണോ? അറിവോടെയാണോ?
ഒക്കെത്തിനും നാം മരണം വിധിച്ചിടും.

## കാട്ടുപൂവ്

ചിതറിത്തെറിക്കുന്ന ചിന്തകളിൽ എപ്പോഴും
നിന്റെയീ പുഞ്ചിരിയെന്നുമാത്രം
മഴവില്ലുപോലെ നീ മനസ്സിൽ തെളിയുമ്പോൾ
ഉണരുന്നു എന്നിലെ മോഹങ്ങളുംകൃഷ്ണ തുളസി കതിർത്തുമ്പു മോഹിക്കും
നിന്റെയീ വാർമുടിച്ചുരുളിലെത്താൻ
പൂജയ്ക്കെടുക്കാത്ത പൂവായ ഞാനും
മോഹിച്ചിടുന്നു നിന്നരികിലെത്താൻ
മണമില്ല മധുവില്ല പൂജയ്ക്കെടുക്കില്ല
താനേ വളർന്നൊരു കാട്ടുപൂവാണുതാൻ
വിടരും മുമ്പേപൊഴിയുന്ന ഇതളുള്ള
പൂജയ്ക്കെടുക്കാത്ത കാട്ടുപൂവാണുതാൻ
ഇഷ്ടമാണെന്നൊന്നു ചൊല്ലുവാൻ വേണ്ടി
നിത്യവും നിൻമുന്നിലെത്തീടുമ്പോൾ
നിന്റെ കൊലുസിന്റെ നാദങ്ങളിൽ ഞാൻ
താനെ മറന്നൊന്നു നിന്നിടുന്നു
ഒന്നും പറയാതെയറിയാതെ പോയിടുന്നു

ഇഷ്ടമല്ലെന്നൊരുവാക്കു നീ ചൊല്ലിയാൽ
വ്യർത്ഥമായിപ്പോകുമെൻ ജീവിതം
നീ നടക്കും വഴിയോരത്ത് എന്നെ
കണ്ടാൽ ചിരിക്കാതെ പോകരുതേ
നിന്റെയീ പുഞ്ചിരി മാത്രം
മതിയെനിക്കിനിയുള്ള
കാലം കാത്തിരിക്കാൻഇനിയുള്ള കാലം
കാത്തിരിക്കാൻ


















## ഓർക്കുന്നു ഞാനെന്റെ ബാല്യകാലം

ഓർക്കുന്നു ഞാനെന്റെ ബാല്യകാലം
ഓർമ്മകൾ മങ്ങാത്ത നാട്ട്യങ്ങളില്ലാത്ത
നാമചപത്തിന്റെ ശാന്തതയും
(ഓർക്കുന്നു ഞാനെന്റെ ബാല്യകാലം)
സ്വച്ഛത സുന്തരകാലം അഭിലാഷ സ്വർഗീയ നിമിഷമാകാലം
എന്തേ മനസ്സിന്റെ കോണിലായി ഇന്നും
എന്നും തെളിയുന്ന ഓർമ്മമാത്രം
(ഓർക്കുന്നു ഞാനെന്റെ ബാല്യകാലം)
മാമ്പൂ മണക്കുന്ന കാലം മുറ്റത്ത് കരിയിലകൾ വീഴുന്നകാലം
അണ്ണാരകണ്ണന്റെ കലപില കേട്ടു ഞാൻ
അവനോട് കലഹിച്ച ബാല്യകാലം
ഓർമ്മയിൽ എന്നുമാ ബാല്യകാലം
ഓർമ്മയിൽ എന്നുമാ ബാല്യകാലം
മുറ്റത്ത് പൂക്കളും തീർത്തൊരാനാളിൽമുക്കുറ്റി തേടിയ കാലം
വെള്ളില കൊണ്ടു ഞാൻപൂപറിക്കാനായി ഞാറുള്ള പാടത്ത് പോയകാലം
പുള്ളിപ്പശുവിന്റെ പൈതലിൻ കവിളത്തു
മുത്തം കൊടുത്തൊരാ ഓർമ്മ മാത്രം
(ഓർമ്മയിൽ ഇന്നുമാ പോയകാലം)
ഓർമ്മതൻ സൊബാനപടിയിലായി ഇന്നെന്റെ
ഗദ്ഗദം വീണതു നിദ്യമായോ
ഓർക്കാൻ കൊതിക്കുന്ന മനസ്സിൽ മറക്കാത്ത
ഓർമ്മകൾ മാത്രമെൻ ബാല്യകാലം
ഓർമ്മകൾ മാത്രമെൻ ബാല്യകാലം
ഓർമ്മകൾ മാത്രമെൻ ബാല്യകാലം....

# കാതോർക്കൂ ഒരു നിമിഷം




**കെ**ഞ്ചുന്നു നല്ലൊരീ ജനനി
കൊഞ്ചിച്ചു വളരുന്ന മക്കളേ
കേടുവരുത്തരുതേ ഇനി നിങ്ങളും
കോടാനുകോടി മക്കൾതൻ പെറ്റമ്മയെ.
കാലങ്ങൾ ഓടി കിതച്ചീടുന്നു
കാഴ്ചകൾ മുന്നിൽ മിന്നിമറയുന്നു
കാതലായി നിങ്ങളിന്നോർക്കേണ്ട കാര്യങ്ങള്.
കാതോർക്കൂ...ഈ തായതൻ വചനങ്ങൾ
കാത്തിരിക്കുന്നു നാളകൾ നിങ്ങളെ.
നന്മയുടെ വിത്തുകൾ പാകി മുളപ്പിച്ചു
നല്ലപോൽ വെള്ളവും വളവുമേകി
ഉൺമയിൽ മിന്നുന്ന പൊൻകതിരുകളാല്
ഉൺമേഷമേകുക ധരണിയിലെങ്ങും.
കൈതവമില്ലാത്ത പിഞ്ചുകരങ്ങളാൽ
പൈതങ്ങൾ തീർക്കുന്ന പൂന്തോപ്പിൽ
മന്ദമായെത്തുന്ന തെന്നലിൻ ചേലയിൽ
മന്ദസ്മിതമോടെ ചന്തത്തിൽ പൂത്തുന്ന
സ്നേഹത്തിൻ സൗരഭ്യം നിറയട്ടെ മന്നിൽ
സ്നേഹമാരുതൻ വീശട്ടെയെങ്ങും.
മാതാപിതാക്കളെ വേദനിപ്പിക്കാതെ
ശാപങ്ങളൊന്നുമേ ഏറ്റുവാങ്ങാതെ
മാതാപിതാക്കളെ ഗുരുദൈവമെന്നാപ്തവാക്യം
മായാതെ മനസ്സിൽ കുറിച്ചിടുക
അഹന്തയുടെ കവചം വലിച്ചെറിഞ്ഞ്
അണിയുക എളിമതന്നടയാഭരണം
അത്യാഗ്രഹങ്ങളാം മാലിന്യങ്ങൾ
അത്യാവശ്യമായി കഴുകിക്കളയുക

ആത്മവിശ്വാസം കൈവിടാതിരിക്കുക
ആതപമില്ലാത്ത ജീവിതമില്ല
ആത്മധൈര്യത്താലെന്തിനേയും
ആശങ്കകൂടാതെ നേരിടാമേന്നും
നൈമിഷികമീ ജീവിതമെന്നോർക്കുക
നല്ലതുമാത്രം ശേഷിപ്പൂ ശാശ്വതം
നല്ലതുചെയ്യുക,നല്ലവരായി വളരുക
അൻപോടു ചെയ്യുന്ന കർമ്മങ്ങളെന്നുംഅൻപെഴും
പൂക്കളായി ശോഭിച്ചീടും
ഇരുളിടങ്ങളിൽ പ്രകാശം പരത്തി
ഇഹത്തിലെ വിളക്കുകളായി തെളിയുക മക്കളേ

# നന്ദി